# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

നമ്പർ. 1750/ആർ 1/2023/കെ.ഡി.ആർ.ബി 06.01.2025

## അറിയിപ്പ്

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 11.10.2023 ൽ വിജ്ഞാപനം ചെയ്ത തിരുവിതാംകൂർ ദേവസ്വം ബോർഡിലെ **ട്യൂട്ടർ തകിൽ (കാറ്റഗറി നം 07/2023), ട്യൂട്ടർ നാദസ്വരം(കാറ്റഗറി നം 08/2023),ട്യൂട്ടർ പഞ്ചവാദ്യം(കാറ്റഗറി നം 09/2023)** തസ്തികകളിലേക്ക് സ്വീകാര്യമായ അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന **02.12.2024** തീയതിയിൽ നടത്തിയിട്ടുള്ളതാണ്. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികകളുടെ വിജ്ഞാപനപ്രകാരമുള്ള യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾക്കായുള്ള **പ്രാക്ടിക്കൽ ടെസ്റ്റ് കം ഇന്റർവ്യൂ 20.01.2025 (തിങ്കൾ)** തീയതിയിൽ തിരുവനന്തപുരത്തുള്ള **കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ** വച്ച് രാവിലെ **10.30** മണി മുതൽ നടത്തുന്നതാണ്. **പ്രാക്ടിക്കൽ ടെസ്റ്റ് കം ഇന്റർവ്യൂ വിന്** ഹാജരാകുന്നതിനുള്ള ഇന്റർവ്യൂ മെമ്മോ ഉദ്യോഗാർത്ഥികളുടെ **"ദേവജാലിക"** പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും കോപ്പിയും, ഇന്റർവ്യൂ മെമ്മോയും സഹിതം നിശ്ചയിക്കപ്പെട്ട സമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്. യാതൊരു കാരണവശാലും **പ്രാക്ടിക്കൽ ടെസ്റ്റ് കം ഇന്റർവ്യൂവിന്റെ** സമയം, സ്ഥലം, തീയതി എന്നിവ മാറ്റി നൽകുന്നതല്ല.**പ്രാക്ടിക്കൽ ടെസ്റ്റ് കം ഇന്റർവ്യൂ വിന് ഹജരാകുന്ന ഉദ്യോഗാർത്ഥികൾ വാദ്യോപകരണത്തിലുളള പ്രാവീണ്യം തെളിയിക്കുന്നതിന് ബന്ധപ്പെട്ട വാദ്യോപകരണം കൊണ്ടുവരേണ്ടതാണ്**. അഭിമുഖ പരീക്ഷ സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ "ദേവജാലിക" പ്രൊഫൈലിൽ നൽകിയിട്ടുള്ള രജിസ്റ്റേർഡ് മൊബൈൽ നമ്പരിലേക്ക് SMS മുഖേനയും അയക്കുന്നതാണ്. 16.01.2025 തീയതി വരെ എസ്.എം.എസ് അറിയിപ്പ് ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുമായി ബന്ധപ്പെടേണ്ടതാണ്.

ഒപ്പ്/-
അസി.സെക്രട്ടറി
(സെക്രട്ടറി ഇൻ ചാർജ്ജ്)
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്